കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം ശ്രീ.സി.കെ.വിജയൻ,റിട്ട.റവന്യു ഓഫീസർ,കൊച്ചി നഗരസഭ, സമർപ്പിച്ച അപേക്ഷയിന്മേൽ 25,454/- രൂപ എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1630/2016/തസ്വഭവ. തീയതി:തിരുവനന്തപുരം, 07/05/2016.

---

പരാമർശം : 1. ശ്രീ.സി.കെ.വിജയൻ സമർപ്പിച്ച 17/09/2014 തീയതിയിലെ അപേക്ഷ.
2.നഗരകാര്യ ഡയറക്ടറുടെ 30/06/2015 തീയതിയിലെ എഫ്2-8527/13 നമ്പർ കത്ത്.

ഉത്തരവ്

കൊച്ചി നഗരസഭ 2001 ൽ ആംഡ് ഫോഴ്സിന്റെ ഫ്ലാഗ് ഡേയിൽ ജില്ലാ സൈനിക വെൽഫെയർ ഓഫീസിൽ യഥാർത്ഥത്തിൽ അടവാക്കാനുള്ള തുകയേക്കാൾ 65,968/- രൂപ അധികം അടവാക്കിയതായി സമിതി കണ്ടെത്തിയിരുന്നു. നഗരസഭാ ഫണ്ടിൽ നിന്നും അധികമായി ജില്ലാ സൈനിക ഓഫീസിൽ അടവാക്കിയ തുക, ഓഡിറ്റിന്റെ കണ്ടെത്തലിനെ തുടർന്ന് 2004-05,2005-06 വർഷത്തിൽ നഗരസഭയുടെ ഫണ്ടിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത ഇടവേളയിൽ നഗരസഭാ ഫണ്ടിന് അർഹമായ പലിശ,ജില്ലാ ക്ഷേമ ഓഫീസിൽ അധികം ഒടുക്കിയ തുക അഡ്ജസ്റ്റ് ചെയ്തതിന്റേയും ടി തുക ജില്ലാ സൈനിക ഓഫീസിന്റെ അധീനതയിൽ ആയിരുന്ന കാലയളവിലെ സാധാരണ പലിശ കണക്കാക്കി തദവസരത്തിൽ നഗരസഭ ഫിനാൻസ് ഓഫീസർ സർവ്വീസിൽ ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നോ അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കി നടപടി സ്വീകരിക്കണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 20-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 120,121 എന്നിവകളിൽ സമിതി ശുപാർശ ചെയ്തിരുന്നു. സമിതി നിർദ്ദേശാനുസരണം കൊച്ചി നഗരസഭാ സെക്രട്ടറി നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ ഫിനാൻസ് ഓഫീസർ ശ്രീ.സി.കെ.വിജയനെതിരെ നോട്ടീസ് നൽകിയത്. എന്നാൽ ശ്രീ.സി.കെ.വിജയൻ 31-05-2002-ൽ സർവീസിൽനിന്നും വിരമിച്ചതിനാൽ 13 വർഷങ്ങൾക്കുശേഷമാണ് കൊച്ചിനഗരസഭയിൽനിന്നും അറിയിപ്പ് ലഭിച്ചതും, അതിലുപരി, ശ്രീ.സി.കെ.വിജയൻ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിൽസയിലാണെന്ന വസ്തുതയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ മേൽ ശുപാർശയും പരിഗണിച്ച് ടിയാനിൽ നിന്നും വസൂലാക്കേണ്ടതായ 25,454/- രൂപ എഴുതി തള്ളുന്നതിന് പരാമർശം(1) പ്രകാരം ടിയാൻ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സി.കെ.വിജയൻ 31-05-2002-ൽ സർവീസിൽനിന്നും വിരമിച്ച് 13 വർഷങ്ങൾക്കു ശേഷമാണ് കൊച്ചി നഗരസഭയിൽനിന്നും അറിയിപ്പ് ലഭിച്ചതെന്നതിനാലും, അതിലുപരി, ശ്രീ.സി.കെ.വിജയൻ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിൽസയിലാണെന്ന വസ്തുതയും പരിഗണിച്ച് ടിയാനിൽ നിന്നും വസൂലാക്കേണ്ടതായ 25,454/- രൂപ എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ.
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.സി.കെ.വിജയൻ, റിട്ട.റവന്യൂ ഓഫീസർ,കൊച്ചി നഗരസഭ,
വലിയ പറമ്പിൽ വീട്, മുതുവന പറമ്പ്, പി.ഒ. കാരപറമ്പ്, കോഴിക്കോട് 673010
സെക്രട്ടറി, കൊച്ചി നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.